## ഭാസനെ കണ്ടെത്തൽ

കെ.ജി. പൗലോസ്

---

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ഭാസനാടകങ്ങളെ കണ്ടെത്തിയത് നാടകചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവമായിരുന്നു. കേരളത്തിലോ, ഇന്ത്യയിലോ മാത്രമല്ല, ലോകത്തെമ്പാടുമുള്ള നാടകപ്രവർത്തകരിലും പണ്ഡിതന്മാരിലും ഇത് ആശയും ആവേശവുമുളവാക്കി. അതിന്റെ തരംഗങ്ങൾ ഇന്നും ശക്തമായി തുടരുന്നു.

ഭാസൻ എന്നൊരു നാടകകൃത്തിനെപ്പറ്റി നാമറിയാൻ തുടങ്ങുന്നത് കാളിദാസന്റെ ആദരപൂർവമായ പരാമർശത്തിൽ നിന്നാണ്. തന്റെ ആദ്യനാടകമായ മാളവികാഗ്നിമിത്രം ആശങ്കയോടെയാണദ്ദേഹം രംഗത്തവതരിപ്പിച്ചത്. ഭാസൻ തുടങ്ങിയ പ്രഥിതയശസ്സുകളായ പൂർവികരുടെ കൃതികളുള്ളപ്പോൾ ഒരു പുതുകവിയുടെ രചനയെ സഹൃദയർ ശ്ലാഘിക്കുമോ എന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്കണ്ഠ. കാളിദാസനെ തുടർന്നു പ്രമുഖ സംസ്കൃത കവികളെല്ലാവരും വിനയത്തോടെ ഭാസനെ അനുസ്മരിക്കുകയും ഭാസകൃതികളെ നാമനിർദ്ദേശത്തോടെയും അല്ലാതെയും ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീഹർഷൻ, ദണ്ഡി, അഭിനവഗുപ്തൻ, രാജശേഖരൻ തുടങ്ങിയ മഹാമതികളുടെ പതിനെട്ടോളം ഉദ്ധരണികൾ ഭാസന്റേതായി നമുക്ക് ലഭിക്കുന്നുണ്ട്. ഭാസകൃതികൾ അക്കാലത്തൊക്കെ അവർക്ക് സുലഭമായിരുന്നു. എന്നാൽ ഭാസനാടകങ്ങളെപ്പറ്റിയുള്ള സൂചനകളല്ലാതെ വിശദാംശങ്ങൾ ഇവയിലില്ല.

സൂക്തിമുക്താവലിയിൽ, 11-ാം നൂറ്റാണ്ടിലെ രാജശേഖരന്റേതായി ഉദ്ധരിക്കുന്ന ഒരു ശ്ലോകത്തിൽ, സ്വപ്നവാസവദത്തത്തെപ്പറ്റി വ്യക്തമായ വിവരണമുണ്ട്. ഭാസനാടകങ്ങളുടെ ഗുണമേന്മയറിയാൻ വിദഗ്ദ്ധന്മാർ അഗ്നിയിലിട്ട് പരിശോധിച്ചെന്നും എന്നാൽ സ്വപ്നവാസവദത്തത്തെ ദഹിപ്പിക്കാൻ അഗ്നിക്ക് കഴിഞ്ഞില്ലെന്നുമുള്ള ഒരു പ്രശംസയാണത്. ലാവാണകഗ്രാമത്തിലുണ്ടായ അഗ്നിബാധയിൽ വാസവദത്ത മരിച്ചെന്ന് എല്ലാവരും വിശ്വസിച്ചപ്പോഴും വാസവദത്ത ജീവനോടെ രക്ഷപ്പെട്ടു എന്ന നാടകഭാഗത്തിന്റെ ശ്ലേഷത്തിലുള്ള ആവിഷ്കാരമാണിത്. എങ്കിലും രണ്ടുകാര്യങ്ങൾ ഈ ശ്ലോകം വിശദീകരിക്കുന്നു. ഒന്ന്, നാടകചക്രം എന്ന് വിശേഷിപ്പിക്കാൻ പാകത്തിൽ അനവധി നാടകങ്ങൾ ഭാസൻ രചിച്ചിട്ടുണ്ട്. രണ്ട്, ഈ നാടകങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠം സ്വപ്നവാസവദത്തമാണ്. ഭാസന്റെ നാടകങ്ങളെ പറ്റിയുള്ള ചർച്ചയിൽ ഈ അറിവ് വളരെ പ്രധാനപ്പെട്ടതാണ്.

### I

1909-ൽ ആണ് മഹാമഹോപാദ്ധ്യായ ശ്രീ. ടി.ഗണപതി ശാസ്ത്രികൾ പത്മനാഭപുരത്തിനടുത്തുള്ള മണലിക്കര മഠത്തിലെ ഗ്രന്ഥങ്ങൾക്കിടയിൽനിന്ന് 10 നാടകങ്ങളടങ്ങിയ ഒരു കെട്ട് കണ്ടെടുത്തത്. അപൂർണ്ണമായ ദൂതവാക്യവും പ്രതിമയുടേയും അഭിഷേകത്തിന്റേയും കൈയെഴുത്തുപ്രതികളും പിന്നീട് അദ്ദേഹത്തിന് ലഭിച്ചു. ഈ പതിമൂന്ന് നാടകങ്ങളും ഭാസന്റേതാണെന്ന് അദ്ദേഹം നിശ്ചയിച്ചു. സമാനസ്വഭാവമുള്ളവയാണ് പതിമൂന്ന് നാടകങ്ങളും. അതിനാൽ അവ ഏക കർതൃകങ്ങളാണ്. ഇതിലൊന്നായ സ്വപ്നവാസവദത്തം ഭാസന്റേതാണെന്ന് പ്രസിദ്ധം. അതുകൊണ്ട് എല്ലാ നാടകങ്ങളും ഭാസന്റേത് തന്നെ. ഇതായിരുന്നു അദ്ദേഹത്തിന്റെ യുക്തി. തന്റെ വാദത്തെ സവിസ്തരം പ്രതിപാദിച്ചുകൊണ്ട് 1912 മുതൽ 1915 വരെയുള്ള മൂന്നു വർഷങ്ങളിൽ പതിമൂന്ന് നാടകങ്ങളും ശാസ്ത്രികൾ തിരുവനന്തപുരത്ത് നിന്ന് പ്രസിദ്ധീകരിച്ചു. അതോടെ നാടകലോകത്ത് ഭാസയുഗം പിറന്നു.

തിരുവനന്തപുരം നാടകങ്ങളുടെ പ്രസിദ്ധീകരണമുണ്ടാക്കിയ കോലാഹലങ്ങൾ ചില്ലറയല്ല. നൂറ്റാണ്ട് പൂർത്തിയായിട്ടും അവ ശമിച്ചിട്ടുമില്ല. പ്രമുഖരായ പണ്ഡിതന്മാരെല്ലാവരും തന്നെ ഈ ചർച്ചകളിൽ പങ്കെടുത്തു. ഈ നാടകങ്ങൾ ഭാസന്റേതുതന്നെയോ എന്നാണ് ചർച്ചകളുടെ കേന്ദ്രബിന്ദു. അനുകൂലിച്ചും പ്രതികൂലിച്ചും അനേകം പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും പുറത്തുവന്നു.

പണ്ഡിതന്മാരുടെ ചർച്ചകൾ ലോകത്തെങ്ങുമുള്ള നാടകപ്രവർത്തകരുടെ ശ്രദ്ധയെ ഈ നാടകങ്ങളുടെ ഉള്ളടക്കത്തിലേയ്ക്ക് ക്ഷണിച്ചു. പ്രശസ്തരായ സംവിധായകർ അരങ്ങിനിണങ്ങുന്നവയാണ് ഈ നാടകങ്ങൾ എന്ന് തിരിച്ചറിഞ്ഞു. സംസ്കൃത നാടകങ്ങൾ രംഗത്ത് പ്രയോഗിക്കാൻ ഉദ്ദേശിച്ച് രചിക്കപ്പെട്ടവയല്ലെന്നായി

രുന്നു അവരൊക്കെ ധരിച്ചിരുന്നത്. എ.ബി. കീത്തിനെപ്പോലെയുള്ള പാശ്ചാത്യ പണ്ഡിതന്മാരുടെ നിഗമനമ തായിരുന്നു. ഭാസനാടകങ്ങൾ ഈ സങ്കല്പത്തെ തകിടം മറിച്ചു. ഇതോടെ ഭാസനാടകങ്ങൾ സർവത്ര അവ തരിപ്പിക്കാൻ തുടങ്ങി. അതിനാവശ്യമായ രീതിയിൽ എല്ലാ ഭാഷകളിലും ഭാസകൃതികൾക്ക് അനേകം പരി ഭാഷകളുണ്ടായി. ഭാസനാടകങ്ങൾ അരങ്ങേറാത്ത നാടോ നഗരമോ ലോകത്തൊരിടത്തും ഇല്ല എന്നൊരവസ്ഥ കൈവന്നു. വിദേശ സർവകലാശാലകൾ ഭാസനാടകങ്ങളുടെ പഠനത്തിന് പ്രത്യേക സംവിധാനമു ണ്ടാക്കി. അങ്ങനെ തിരുവനന്തപുരം നാടകങ്ങൾ ഇരുപതാം നൂറ്റാണ്ടിലെ രംഗവേദികളെ ചടുലമാക്കി.

**കേരള നാടകചക്രം**

തിരുവനന്തപുരം നാടകങ്ങളുടെ ജൈത്രയാത്ര അരങ്ങിൽ തുടരുമ്പോഴും ഇവയുടെ കർതൃത്വത്തെപ്പറ്റിയുള്ള ചർച്ച പണ്ഡിതന്മാർ അവസാനിപ്പിച്ചില്ല. തിരുവനന്തപുരം നാടകങ്ങൾ ഭാസന്റേതല്ലെന്നും കേരളത്തിലെ ചാക്യാന്മാർ അനേക കാലങ്ങളായി കൂടിയാട്ടത്തിന് ഉപയോഗിക്കുന്നവയാണിവയെന്നുമായിരുന്നു ഒരു വിഭാ ഗത്തിന്റെ വാദം. നഷ്ടപ്പെട്ട പല നാടകങ്ങളുടേയും അങ്കങ്ങളോ പ്രയോഗസൗകര്യത്തിന് വേണ്ടി ചാക്യാ ന്മാർ തന്നെ ഉണ്ടാക്കിയവോ ആകാം ഇവയിൽ പലതുമെന്നായിരുന്നു അവരുടെ അഭിപ്രായം. ആറ്റൂർ കൃഷ്ണ പിഷാരടി, കെ.രാമപ്പിഷാരടി, കുപ്പുസ്വാമി ശാസ്ത്രികൾ തുടങ്ങിയവർ ഈ ആശയത്തിന്റെ വക്താക്കളായി രുന്നു. ഭാസനാടകചക്രം എന്നതിന് പകരം അവരിതിനെ ‘കേരള നാടകചക്രം’ അഥവാ ‘ചാക്യാർനാടക ചക്രം’ എന്ന് വിശേഷിപ്പിച്ചു.

ഭാസന്റെ പേരിലല്ലെങ്കിലും, ഈ നാടകങ്ങൾ വളരെക്കാലമായി കേരളത്തിലെ അരങ്ങിൽ സുപരിചിതങ്ങളാ യിരുന്നു. ശാകുന്തളത്തെപ്പറ്റി 15-ാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായ അഭിജ്ഞാനശകുന്തളചർച്ചയിൽ ഈ പതിമൂന്നിൽ ഏഴെണ്ണത്തെപ്പറ്റി ചർച്ച ചെയ്യുന്നുണ്ട്. അജ്ഞാതനാമാവായ അദ്ദേഹത്തിന്റെ തന്നെ കൃതി യെന്ന് ഈ ലേഖകൻ കരുതുന്ന നടാങ്കുശത്തിൽ രണ്ടു നാടകങ്ങളെപ്പറ്റിയുള്ള സൂചനകളുണ്ട്. പ്രതിമാനാ ടകത്തെപ്പറ്റി പയ്യൂർ വാസുദേവന്റെ പര്യായപദാവലിയിൽ പരാമർശമുണ്ട്.

ഗണപതി ശാസ്ത്രികൾ കണ്ടെത്തിയ പതിമൂന്ന് നാടകങ്ങളും കൂടിയാട്ടവേദിയിൽ ഏറെക്കാലം പ്രചാരത്തി ലിരുന്നവയാണെന്നർത്ഥം. അവയുടെ ആട്ടപ്രകാരങ്ങളും ക്രമദീപികകളും ചാക്യാന്മാരുടെ കൈവശമുണ്ട്. ഭാസന്റേതാണെന്ന് അവർ അറിഞ്ഞിരുന്നില്ലെന്ന് മാത്രം.

ചാക്യാർ കല ക്ഷേത്ര പരിസരത്തിന് പുറത്ത് ആദ്യമവതരിപ്പിച്ചതിന്റെ അറുപതാം വർഷം കൂടിയാണ്, 2009. കൂടിയാട്ടത്തിന് പ്രശസ്തിയും പ്രചാരവുമുണ്ടാകുന്നതിനും ഭാസനാടകങ്ങളുടെ കണ്ടെത്തൽ കാരണ മായി. അന്തർദേശീയ തലത്തിൽ നാടകപ്രവർത്തകരുടെ ശ്രദ്ധ കൂടിയാട്ടത്തിൽ പതിഞ്ഞതിന്റെ ഒരു കാര ണമിതാണ്. പുതിയ നാടകപ്രവർത്തകർക്ക് പ്രാചീനാവതരണരീതിയിൽ നിന്ന് പലതും കണ്ടെത്താനുണ്ടെന്ന് ഈ നാടകങ്ങൾ തെളിയിച്ചു.

പതിമൂന്ന് നാടകങ്ങളിലും പ്രതിഭാശാലിയായ ഒരു നാടകകൃത്തിന്റെ മുദ്ര പതിഞ്ഞിട്ടുണ്ട്. വിവാദങ്ങളിലേയ്ക്ക് കടക്കാതെ, മറിച്ചുള്ള തെളിവുകൾ കിട്ടുന്നതുവരെ, ആ നാടകകൃത്ത് ഭാസനാണെന്ന്, നമുക്ക് കരുതാം.

പതിമൂന്ന് നാടകങ്ങളിൽ പ്രതിമയ്ക്കും അഭിഷേകത്തിനും കഥയെടുത്തിരിക്കുന്നത് രാമായണത്തിൽ നിന്നാണ്. ഉദയനകഥകൾ പറയുന്ന രണ്ടു നാടകങ്ങളുണ്ട്-പ്രതിജ്ഞായൗഗന്ധരായണവും സ്വപ്നവാസവദത്തവും. ഒന്നിന്റെ തുടർച്ചയാണ് മറ്റൊന്ന്. ബാലചരിതം ഭാഗവതകഥയാണ്. ചാക്യാന്മാർ ഇപ്പോഴും അരങ്ങേറ്റത്തിന് ബാലകഥയാണ് ഉപയോഗിക്കുന്നത്.

രണ്ടു നാടകങ്ങൾ കല്പിതകഥകളെ ആശ്രയിച്ചുള്ളതാണ്. അവിമാരകം ചണ്ഡാളനാകാൻ ശപിക്കപ്പെടുന്ന രാജകുമാരന്റെ കഥയാണ്. കുരംഗി എന്ന രാജകുമാരിയുമായി ചണ്ഡാളൻ പ്രണയത്തിലാകുന്നു. ഹീനകുല ത്തിൽ പെട്ടവന് മകളെ കൊടുക്കാൻ അച്ഛൻ വിസമ്മതിക്കുന്നു. ഭഗ്നാശനായി മലമുകളിൽ നിന്ന് ചാടി ജീവ നൊടുക്കാൻ തുനിയുന്ന നായകന് ഗന്ധർവൻ മന്ത്രമോതിരം നൽകുന്നു. അതിന്റെ ശക്തികൊണ്ട് മറ്റുള്ള വർ കാണാതെ കുരംഗിയുടെ സമീപമെത്തുവാൻ ചണ്ഡാളന് കഴിയുന്നു. മറ്റൊരു കല്പിതകഥ ചാരുദത്ത ത്തിന്റേതാണ്. ഗുണവാനായൊരു ദരിദ്രനാണ് ചാരുദത്തൻ. വസന്തസേനയെന്നൊരു ഗണികയ്ക്ക് അവ നിൽ പ്രണയമുദിക്കുന്നു. പിൽക്കാലത്ത് ശൂദ്രകൻ മൃച്ഛകടികമായി വികസിപ്പിച്ചതിന്റെ പൂർവരൂപമാണ് ചാരു ദത്തം.

പ്രധാനപ്പെട്ട ആറ് നാടകങ്ങൾക്ക് ഭാസൻ കഥയെടുത്തിരിക്കുന്നത് മഹാഭാരതത്തിൽ നിന്നാണ്-ദൂതവാക്യം, ദൂതഘടോത്കചം, കർണ്ണഭാരം, ഊരുഭംഗം, മദ്ധ്യമവ്യായോഗം ഇവ അഞ്ചും ഏകാങ്കങ്ങളാണ്; പഞ്ചരാത്രത്തിൽ മൂന്നങ്കങ്ങളുണ്ട്. പ്രതിപാദ്യത്തിലും കഥാഘടനയിലും വൈവിധ്യമാർന്നതാണ് ഭാസന്റെ നാടകപ്രപഞ്ചം.

II

ഭാസനാടകങ്ങളിൽ പല സവിശേഷതകളുമുണ്ട്. നാട്യശാസ്ത്രശാസനകൾ പലതും ഭാസൻ അനുസരിക്കുന്നില്ല. മരണം രംഗത്ത് കാണിക്കുന്നു. ഊരുഭംഗത്തിൽ ദുര്യോധനനും അഭിഷേകത്തിൽ ബാലിയും രംഗത്ത് മരിക്കുന്നുണ്ട്. അംഗീകൃത നായകസങ്കല്പത്തെ ഭാസൻ ത്യജിക്കുന്നു. ധർമ്മപുത്രരെപ്പറ്റിയോ ശ്രീരാമനെപ്പറ്റിയോ ഭാസൻ നാടകം രചിച്ചില്ല. രചിച്ചത്, കർണ്ണനേയും ദുര്യോധനനേയും പോലുള്ള പ്രതിനായകന്മാരെപ്പറ്റിയാണ്. സംസ്കൃതത്തിലെ കവികൾ നടന്ന രാജപാതയിലൂടെയല്ല, ഓരം ചുറ്റി, വഴിമാറി, ഊടുവഴികളിലൂടെയാണ് ഭാസൻ നടന്നത്. ആ വഴിയിലെ കാഴ്ചകൾ വേറെയായിരുന്നു-ഹൃദയം തുറന്ന് പ്രണയിക്കുന്ന ഗണിക, കാമിനിയെ മോചിപ്പിക്കാൻ കളവു ചെയ്യേണ്ടിവരുന്ന കാമുകൻ, ചണ്ഡാളനായി ശപിക്കപ്പെട്ടപ്പോൾ തിരസ്കൃതനാകുന്ന രാജാവ്, സൂതപുത്രനെന്നറിയപ്പെടുന്ന സൂര്യപുത്രന്റെ വ്യഥകൾ. സംസ്കൃതത്തിലെ മറ്റു കവികളുടെ കാഴ്ചകളിൽ പെടാതെ പോയവയാണിതൊക്കെ. വേറിട്ട ഈ കാഴ്ച ഭാസനെ വ്യതിരിക്തനാക്കി.

നാടകീയ മുഹൂർത്തങ്ങൾ സൃഷ്ടിക്കാൻ അന്യാദൃശമായ പാടവം ഭാസനുണ്ടായിരുന്നു. പിതാവ് മരിച്ചെന്ന് ഭരതൻ അറിയുന്നത് മരിച്ചവരുടെ പ്രതിമകൾക്കൊപ്പം പിതാവിന്റെ പ്രതിമ കാണുമ്പോഴാണ്. പ്രതിമാനാടകത്തിലെ ഹൃദ്യമായ രംഗമാണിത്. സ്വപ്നവാസവദത്തത്തിൽ ഇത്തരത്തിലുള്ള സന്ദർഭങ്ങൾ പലതുണ്ട്. ഭർത്താവിന് മറ്റൊരുവളെ വേൾക്കാൻ വരണമാല്യം ഒരുക്കേണ്ടിവരുന്ന പത്നിയുടെ മനസ്സിലെ സംഘർഷം രണ്ടാമങ്കത്തിൽ കരളലിയുംവിധം ഭാസൻ വർണ്ണിക്കുന്നുണ്ട്. അനേകതലത്തിലുള്ള ഭാവവൈവിധ്യം ഒറ്റ ബിന്ദുവിലൊതുക്കുന്നതിന് ഉദാഹരണമാണ് പത്മാവതിയുടെ പരിണയത്തിന് ശേഷമുള്ള ഉദ്യാനരംഗം. ഒരു വശത്ത് വാസവദത്തയും തോഴിയും, അപ്പുറത്ത് പത്മാവതിയും കൂട്ടരും. മധ്യത്തിൽ രാജാവും വിദൂഷകനും. മൂന്നായി പകുത്ത വേദി. ആരും പരസ്പരമറിയുന്നില്ല. അപ്പോഴാണ് വിദൂഷകന്റെ ചോദ്യം രാജാവിനോട്- 'ആരെയാണങ്ങേയ്ക്കധികമിഷ്ടം? പഴയ വാസവദത്തയേയോ പുതിയ പത്മാവതിയേയോ?' രാജാവിന്റെ പ്രതികരണമറിയാൻ മൂന്നു കക്ഷ്യയിലുള്ളവർ ഒരുപോലെ കാതോർക്കുന്നു. ഇത്തരത്തിൽ ഉദ്വേഗം സൃഷ്ടിക്കാൻ പരിചയ സമ്പന്നനായ ഒരു നാടകകൃത്തിന് മാത്രമേ കഴിയൂ. ഇത്തരമനവധി രംഗങ്ങൾ പതിമൂന്ന് നാടകങ്ങളിൽ നിന്നും ഉദ്ധരിക്കാൻ കഴിയും. എന്നാൽ ഇപ്പറഞ്ഞ മേന്മ കൊണ്ടു മാത്രമല്ല, ഭാസനെ ഉത്കൃഷ്ടനായ നാടകകൃത്തായി സമൂഹം കണക്കാക്കുന്നത്.

III

നാടകകൃത്തെന്ന നിലയിൽ ഭാസൻ തന്റെ കരുത്തറിയിക്കുന്നത് മഹാഭാരത നാടകങ്ങളിലാണ്. ഭാരതത്തിൽ നിന്ന് കഥകളെടുത്ത് ആറ് നാടകങ്ങളാണ് ഭാസൻ രചിച്ചത്. അഞ്ച് ഏകാങ്കങ്ങളും മൂന്നങ്കമുള്ള പഞ്ചരാത്രവും.

വിഷയക്രമമനുസരിച്ചുള്ള കാലഗണന ഇതാണ്-പാണ്ഡവരുടെ വനവാസകാലത്തേതാണ് രണ്ടെണ്ണം. മദ്ധ്യമവ്യായോഗവും പഞ്ചരാത്രവും. യുദ്ധം തുടങ്ങുന്നതിന് തൊട്ടുമുമ്പാണ് ദൂതവാക്യം. യുദ്ധത്തിനിടയിലാണ് മൂന്നു നാടകങ്ങളുടെ കഥ നടക്കുന്നത്- ദൂതഘടോത്കചം അഭിമന്യുവധത്തോട് തൊട്ട്, പതിനേഴാം ദിവസം കർണ്ണഭാരം, പതിനെട്ടാം ദിവസം ഊരുഭംഗം.

മദ്ധ്യമവ്യായോഗത്തിലെയും ഘടോത്കചത്തിലേയും പാത്രങ്ങൾ മഹാഭാരതത്തിലുള്ളതാണെങ്കിലും കഥയും സന്ദർഭവുമെല്ലാം ഭാസന്റെ സ്വന്തമാണ്. ഈ രണ്ടു നാടകങ്ങൾ ഭാസനെഴുതിയത് ഘടോത്കചനെ അർഹിക്കുന്ന പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നതിനായിരുന്നു. ഹിഡിംബയിൽ ഭീമസേനനുണ്ടായ പുത്രനാണ് ഘടോത്കചൻ. തായ്‌വഴിയിൽ രാക്ഷസനാണ്.

അനേകം സന്ദർഭങ്ങളിൽ പാണ്ഡവർക്ക് സഹായം ചെയ്തിട്ടുണ്ട്. യുദ്ധത്തിൽ പാണ്ഡവപക്ഷത്ത് കടുത്ത യുദ്ധം ചെയ്ത് ശത്രുനിരയെ വിറപ്പിച്ചു. എന്നാൽ ഘടോത്കചൻ മരിക്കുമ്പോൾ ഒരു തുള്ളി കണ്ണീർ പൊഴി

ക്കാൻ ആരുമുണ്ടായില്ല. മാത്രവുമല്ല, മരിച്ചത് നന്നായി, ഇല്ലെങ്കിൽ താൻതന്നെ കൊല്ലേണ്ടിവരുമായിരുന്നു എന്നാണ് ഭഗവാൻ ആശ്വസിച്ചത്. ഭീമന്റെ പുത്രൻ മരിച്ചപ്പോഴുണ്ടായ പ്രതികരണമായിരുന്നില്ല അർജ്ജുന കുമാരൻ അഭിമന്യു മരിച്ചപ്പോഴുണ്ടായത്. കാടിന്റെ പുത്രന്റെ നിഷ്കളങ്കതയെ പുച്ഛിക്കുന്ന നഗരത്തിന്റെ കാപട്യത്തോടുള്ള കവിയുടെ പ്രതിഷേധമാണ് ദൂതഘടോത്കചം എന്ന നാടകം. ഇവിടെ അഭിമന്യു മരിച്ച തിൽ പാണ്ഡവർക്കുള്ള രോഷമറിയിക്കാൻ ദൂതനായിട്ടാണ് ഘടോത്കചനെ ഭാസൻ അയയ്ക്കുന്നത്. ദുര്യോ ധനസവിധത്തിലേയ്ക്കയയ്ക്കാൻ പാണ്ഡവപക്ഷത്ത് എത്രയോ പേരുണ്ട്. എന്നിട്ടും ഘടോത്കചനെ തന്നെ അയച്ചത് മനഃപൂർവമാണ്. മാത്രവുമല്ല രാക്ഷസന്റെ രൂക്ഷസ്വഭാവത്തെ പരിഹസിക്കുന്ന ദുര്യോധനന് ചുട്ട മറുപടി കൊടുക്കുന്നുമുണ്ട് ഘടോത്കചൻ. 'രാക്ഷസരാണെങ്കിലും ഞങ്ങൾ അരക്കില്ലത്തിൽ ഉറങ്ങുന്ന സഹോദരരെ തീയിടാറില്ല, സഹോദരപത്നിയെ അപമാനിക്കാറില്ല, മക്കളെ യുദ്ധത്തിൽ കൊല്ലാറില്ല. ഞങ്ങ ളുടെ വേഷം വികൃതമായിരിക്കും, പെരുമാറ്റവും പരുക്കനാകാം. പക്ഷെ, നാണം നഷ്ടപ്പെടുത്താറില്ല. ഈ ഒരൊറ്റക്കാര്യം ഉറക്കെ പ്രഖ്യാപിക്കാനാണ് ഭാസൻ ഈ നാടകം എഴുതിയതെന്നുപോലും സംശയിക്കണം. കാരണം, ബാലിവധത്തിലും ഒളിയമ്പിൽ ബാലിയെ വധിച്ചശേഷം വാനരന്മാരുടെ ആചാരങ്ങളെ കാടനെന്ന് പുച്ഛിക്കുന്ന ശ്രീരാമനോട് കണക്കിന് വാദിക്കുന്നുണ്ട്, ഭാസൻ. ദുർബലരുടേയും വഴിയോരത്തേയ്ക്ക് മാറ്റി നിർത്തപ്പെട്ടവരുടേയും വക്താവായിട്ടാണ് ഭാസൻ പലപ്പോഴും പ്രത്യക്ഷപ്പെടുന്നത്.

മദ്ധ്യമവ്യായോഗത്തിന്റെ രചനയ്ക്ക് പിന്നിൽ മറ്റൊരു ലക്ഷ്യം കൂടിയുണ്ട്. ഘടോത്കചന് ഒരു മകനെ വിട്ടുകൊടുക്കണം. ആരെ എന്നതായി പ്രശ്നം. മൂത്തമകനെ അച്ഛന് വേണം, ഇളയവനെ അമ്മയ്ക്കും. അച്ഛനും അമ്മയ്ക്കും വേണ്ടാത്ത മദ്ധ്യമന്റെ നിസ്സഹായതയാണ് ഈ വ്യായോഗത്തിന്റെ കേന്ദ്രബിന്ദു. ജീവി തത്തിലും ആദർശങ്ങളുടെ കാര്യത്തിലുമെല്ലാം ഇതാണ് നില. അപ്പുറത്തും ഇപ്പുറത്തുമല്ലാത്തവർക്ക് നിൽക്കാ നൊരിടം സമൂഹത്തിലില്ല. എക്കാലവും അതാണവസ്ഥ. ഈ ഗതി ഭീമന് പോലുമുണ്ടായിട്ടുണ്ട്. ധർമ്മപുത്ര രുടേയും അർജ്ജുനന്റേയും മദ്ധ്യത്തിൽ ഭീമസേനന് ദ്രൗപദിയുടെ മുമ്പിൽ എന്നും രണ്ടാമൂഴക്കാരനായി കഴിയേണ്ടിവന്നത് ഇതുകൊണ്ടാണ്.

**മൃത്യുവെന്ന പാത്രം**

മഹാഭാരതത്തിൽ ഒരു കഥയുണ്ട്. വനവാസകാലത്ത് ഒരു വേതാളം ധർമ്മപുത്രരോട് ഒരു ചോദ്യം ചോദിച്ചു. ഉത്തരം പറഞ്ഞില്ലെങ്കിൽ മരിക്കും. അങ്ങനെ തന്റെ നാല് അനുജന്മാരും മരിച്ച് കിടക്കുകയാണ്. ചോദ്യമി താണ്- 'ലോകത്തിലെ ഏറ്റവും വലിയ ആശ്ചര്യമെന്ത്?' ധർമ്മപുത്രർ പറഞ്ഞ മറുപടി ഇതായിരുന്നു- 'അനുക്ഷണം മനുഷ്യർ മരിച്ചുകൊണ്ടിരിക്കുമ്പോഴും അവശേഷിക്കുന്നവർ തങ്ങളിവിടെ സ്ഥിരമായുണ്ടാവു മെന്ന് വിശ്വസിക്കുന്നു. അതിൽപരം ആശ്ചര്യമെന്തുള്ളൂ.'

മരണം- അതാണ് ജീവിതത്തിലെ ഏറ്റവും വലിയ പ്രശ്നം. സംസ്കൃതത്തിലെ നാടകകൃത്തുകൾ ഈ ക്രൂര സത്യത്തെ അഭിമുഖീകരിക്കാൻ മടിച്ചു. അതുകൊണ്ട് അവർ മരണത്തെ വിഷയമാക്കിയില്ല. പകരം യുദ്ധ ത്തിലുണ്ടാകുന്ന മരണങ്ങളെ ആഘോഷിച്ചു. ഓരോ മരണവും ദുരന്തമാണെന്നും അതിൽപെടുന്നവരും ബന്ധപ്പെട്ടവരും അനുഭവിക്കുന്ന വ്യഥകൾ അനന്തങ്ങളാണെന്നും അവർ തിരിച്ചറിഞ്ഞില്ല. എന്നാൽ ഭാസൻ മരണത്തെ ശക്തമായൊരു പാത്രമാക്കി. ഊരുഭംഗത്തിലെ മുഖ്യപാത്രം മരണമാണ്. മുന്നിൽ മരണമിങ്ങനെ തുറിച്ച് നിൽക്കുമ്പോൾ മനുഷ്യർ ശിശുക്കളെപ്പോലെ നിർമ്മലരാകുന്നു. തുടയോടൊപ്പം ദുര്യോധനന്റെ ഗർവ്വുമുടഞ്ഞോ എന്ന് ചോദിക്കുന്നുണ്ട്. മരണം ഒപ്പം നിൽക്കുമ്പോൾ കഴിഞ്ഞ കാലത്തെ ചെയ്തികളി ലേയ്ക്ക് തിരിഞ്ഞുനോക്കുന്നു. തെറ്റുകളുടെ കൂമ്പാരം കുറ്റബോധമായി പിന്തുടരുന്നു. അപ്പോഴാണ് താനൊന്നും നേടിയില്ല എന്ന് തിരിച്ചറിയുന്നത്. തുട തകർന്നു ഇഴഞ്ഞ് വരുന്ന ദുര്യോധനനെ വിശേഷിപ്പി ക്കാൻ ഹൃദ്യമായൊരു ബിംബം നൽകുന്നു, ഭാസൻ. 'പാലാഴിമഥനം കഴിഞ്ഞപ്പോൾ കടകോലിനെ ചുറ്റിയ സർപ്പം ഉടലുടഞ്ഞു വെള്ളത്തിൽ ഒഴുകുന്നതുപോലെ' എന്ന്. പ്രശ്നം ദേവന്മാരും അസുരന്മാരും തമ്മിലാ യിരുന്നു. കിട്ടിയതവർ പങ്കിട്ടെടുക്കുകയും ചെയ്തു. വാസുകി വെറുമുപകരണം. കാര്യം കഴിഞ്ഞപ്പോൾ ആർക്കുമാവശ്യമില്ലാതെ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നു. യുദ്ധത്തിന്റെ വ്യർത്ഥതയെ ഇതിലധികം ശക്തി യോടെ വിവരിക്കാൻ ആർക്കുമാകില്ല.

മരണം തോളിൽ കൈയിട്ടുനിൽക്കുമ്പോൾ ദുര്യോധനന് ഒറ്റ ആഗ്രഹമേയുള്ളൂ-കുറച്ചുകൂടി ജീവിക്കണം, നല്ലവനായി, ഈ അമ്മയുടെ തന്നെ മകനായി. പക്ഷേ നിവൃത്തിയില്ല. മരണം തുടയിൽ നിന്ന് നെഞ്ചിലേ

യ്ക്കരിച്ച് കയറുന്നു. മകനെ ഉടഞ്ഞ തുടയോട് ചേർത്തുവെച്ച് ആ അച്ഛൻ ഉപദേശിച്ചു- നല്ലവനായി ജീവിക്കാൻ, പാണ്ഡവരുടെ അനുഗ്രഹം തേടാൻ.

ദുര്യോധനനിലെ പകയുടെ കരിങ്കുന്നുകൾ മഞ്ഞുമലപോലെ ഉരുകി, അതിൽ നിന്ന് ആർദ്രതയുടെ നീർച്ചാലുകൾ ഒഴുകി. ഒരു ബീജവാക്യത്തിൽ ഈ പ്രക്രിയയെ ഭാസൻ ഒതുക്കി- 'വൈരം പശ്ചാത്താപമായി മാറുന്നു.'

മരണത്തെ മുഖാമുഖം കാണുമ്പോൾ മനുഷ്യനിലുണ്ടാകുന്ന ഭാവമാറ്റത്തെ ഇത്ര ശക്തിയായി പ്രതിപാദിക്കുന്ന മറ്റൊരു നാടകം സംസ്കൃതത്തിലില്ല.

**ആദർശം ഭാരമാവുമ്പോൾ**

സൂര്യപുത്രനായി ജനിച്ചിട്ടും സൂതപുത്രനായി അവഹേളനങ്ങൾക്കടിപ്പെട്ട് ജീവിക്കേണ്ടിവരുന്ന നായകനോട് ഭാസന് സഹതാപം ഉണ്ടാകുക സ്വാഭാവികമാണ്. ഇതുമാത്രമാവില്ല, കർണ്ണന്റെ കഥ പറയാൻ ഭാസനെ പ്രേരിപ്പിച്ചത്. കർണ്ണൻ പരാജയപ്പെട്ട നായകനാണ്. എന്താണ് പരാജയത്തിന്റെ കാരണം? അതറിയണമെങ്കിൽ വിജയിച്ചവർ ജയിച്ചതെങ്ങനെയെന്നറിയണം. പാണ്ഡവ പക്ഷത്തെ ജയങ്ങളെല്ലാം അവർ നേടിയത് ചതി കൊണ്ടാണ്. ദ്രോണവധം മുതലുള്ള എല്ലാ ജയങ്ങളുടെ പിന്നിലും ഒരു തിന്മ ഉണ്ടായിരുന്നു. നിയമങ്ങൾ ലംഘിക്കുന്നതിനോ അരുതാത്തത് ചെയ്യുന്നതിനോ ധർമ്മബോധം ജയിച്ചവർക്ക് തടസ്സമായിരുന്നില്ല. കർണ്ണന് കഴിയാതിരുന്നത് അതാണ്. തന്നിലുള്ള ധർമ്മബോധമായിരുന്നു കർണ്ണന്റെ ഭാരം. കവചകുണ്ഡലങ്ങൾ കർണ്ണന് ദാനം ചെയ്യാതിരിക്കാമായിരുന്നു; അർജ്ജുനനെയല്ലാതെ പാണ്ഡവരെ ആരെയും വധിക്കുകയില്ലെന്ന അമ്മയ്ക്കു കൊടുത്ത വാക്ക് ലംഘിക്കാമായിരുന്നു. അനേകം സന്ദർഭങ്ങളിൽ രക്ഷപ്പെടാനുള്ള പഴുതുകൾ കർണ്ണൻ സ്വയം അടയ്ക്കുകയായിരുന്നു.

നാമറിയുന്ന രീതിയിലുള്ള ദുരന്തനായകനല്ല കർണ്ണൻ. ഈഡിപ്പസിന്റെ ദുരന്തത്തിന് കാരണം യവനസങ്കല്പമനുസരിച്ച് വിധിയാണെന്ന് പറയാം. ഒഥല്ലോയുടെ സ്വഭാവത്തിലുള്ള ദൗർബല്യമാണ് ദുഃശങ്ക. അതാണ് ദുരന്തത്തിന് കാരണം. എന്നാൽ ഇത്തരത്തിലൊന്നും കർണ്ണന്റെ കാര്യത്തിലില്ല. നന്മകൾ കൈവിടാൻ സമ്മതിക്കാത്തതുകൊണ്ടാണ് കർണ്ണൻ പരാജയപ്പെട്ടത്.

ഇതൊന്നും തോൽവിയായി കർണ്ണൻ കാണുന്നുമില്ല. ദാനം ചെയ്തത് എന്നെന്നും നിലനിൽക്കും. കവചകുണ്ഡലങ്ങൾ യാചിക്കുകവഴി ഇന്ദ്രനാണ് തോറ്റത്, താനല്ല എന്നാണ് കർണ്ണന്റെ വിശ്വാസം.

ധർമ്മത്തെ സംബന്ധിച്ച ഭാസന്റെ അന്വേഷണങ്ങൾക്കുള്ള ഉത്തരമാണ് കർണ്ണഭാരം. ആദർശം ഭാരമാകുന്ന ഒരു സമൂഹത്തിന് ആർദ്രമനസ്സുകളെ സൃഷ്ടിക്കാനാവില്ല; ഊഷരമനസ്സുകളാകും അവിടെ ഉരുത്തിരിയുക.

IV

**വ്യാസനും ഭാസനും**

കുരുക്ഷേത്രയുദ്ധമില്ലാത്ത മഹാഭാരതത്തെ സങ്കല്പിക്കാനാവുമോ? ആവില്ലെന്ന് വ്യാസൻ, ആവുമെന്ന് ഭാസൻ. അതാണ് പഞ്ചരാത്രം. പാണ്ഡവരുടെ അജ്ഞാതവാസം അവസാനിക്കാറായ സമയം. ദുര്യോധനൻ ഒരു മഹായാഗം കഴിച്ചു. യാഗാവസാനത്തിൽ ആചാര്യന്മാർക്ക് ദക്ഷിണ നൽകണം. ഇഷ്ടമുള്ളതെന്തും ചോദിച്ചുകൊള്ളൂ എന്ന് ദുര്യോധനൻ. ആചാര്യദ്രോണർ ദക്ഷിണയായി ആവശ്യപ്പെട്ടത് അർദ്ധരാജ്യം നൽകി പാണ്ഡവരെ അനുനയിപ്പിക്കണമെന്നാണ്. ദുര്യോധനൻ അത് സമ്മതിച്ചു. കുരുപാണ്ഡവവൈരം അതോടെ അവസാനിച്ചു. എല്ലാവരും സന്തുഷ്ടരായി. ഇക്കാര്യം സാധിക്കുന്നതിന് വിഷമങ്ങളേറെയുണ്ടായിരുന്നു. ദ്രോണാചാര്യരും ഭീഷ്മപിതാമഹനും തന്ത്രപൂർവം അതിനൊക്കെ പരിഹാരം കണ്ടെത്തി. ദുര്യോധനനല്ല കുഴപ്പക്കാരനെന്ന് അവർക്ക് അറിയാമായിരുന്നു. അമ്മാവൻ ശകുനിയുടെ സ്വാധീനമാണ് ദുര്യോധനന്റെ ദുർനയത്തിന് കാരണം. ശകുനിയേയും മധുരവാക്കുകൾ കൊണ്ട് അവർ മയപ്പെടുത്തി. എന്നിട്ടും ഒരു വ്യവസ്ഥ ശകുനി മുന്നോട്ട് വെച്ചു. അഞ്ചുരാത്രി കൊണ്ട് അജ്ഞാതവാസം നയിക്കുന്ന പാണ്ഡവരെപ്പറ്റിയുള്ള വിവരം അറിയണം. ഇല്ലെങ്കിൽ അർദ്ധരാജ്യം നൽകാൻ ദുര്യോധനൻ ബാധ്യസ്ഥനല്ല. അതും സമ്മതിച്ചു. വിരാടത്തിൽ ഗോഗ്രഹണം നടത്തി പാണ്ഡവരുടെ യഥാർത്ഥനില വെളിപ്പെടുത്തി. കുരുക്ഷേത്രമില്ലാത്ത മഹാഭാരതം സൃഷ്ടിക്കുകവഴി ഭാസൻ പറയാൻ ഉദ്ദേശിച്ചതെന്താകാം?

ഭീകരമായ കുരുക്ഷേത്രയുദ്ധത്തിന് ഉത്തരവാദി ആരാണ്? അത് ഒഴിവാക്കാൻ സാധിക്കുമായിരുന്നില്ലേ? പാണ്ഡവരും കൗരവരും സഹോദരന്മാരാണ്. കൊച്ചു കൊച്ചു കാര്യങ്ങളിലൂടെ വർദ്ധിച്ചുവന്നതാണ് അവരുടെ വൈരം. എല്ലാവർക്കും പിതാമഹനാണ് ഭീഷ്മർ, ആചാര്യനാണ് ദ്രോണർ, സമ്മാന്യനാണ് വിദുരർ. ഇവർ വിചാരിച്ചിരുന്നെങ്കിൽ ഈ വൈരം ശമിപ്പിക്കുവാൻ കഴിയുമായിരുന്നു. പക്ഷേ, ആർക്കും അപ്രീതി ഉണ്ടാകരുതെന്നോർത്തു അവർ മൗനം പൂണ്ടു. പാഞ്ചാലി വസ്ത്രാക്ഷിപ്തയായപ്പോൾ ഓരോരുത്തരോടുമവൾ കെഞ്ചിച്ചോദിച്ചു– 'ഇതധർമ്മമല്ലേ' എന്ന്. പുത്രവധുവിന്റെ മാനം കാക്കാൻ ബാദ്ധ്യസ്ഥരായ ഗുരുജനങ്ങൾ തലതാഴ്ത്തി മിണ്ടാതിരുന്നു. അവരുടെ മൗനമാണ് ദുര്യോധനനും ദുശ്ശാസനനും അതിര് വിട്ട് പ്രവർത്തിക്കാൻ ധൈര്യം നൽകിയത്.

യുദ്ധം അനിവാര്യമാക്കിയത് ആചാര്യന്മാരുടെ മൗനമാണ്. അവർ വേണ്ടരീതിയിൽ ഇടപെട്ടിരുന്നെങ്കിൽ, പഞ്ചരാത്രത്തിലേതുപോലെ, സർവസമ്മതമായ രീതിയിൽ കാര്യങ്ങൾ നീങ്ങുമായിരുന്നു. ബൗദ്ധികതലം അതിന്റെ ആജ്ഞാശക്തി പ്രയോഗിക്കുമ്പോഴാണ് ഒരു സമൂഹം നേർവഴിയിൽ സഞ്ചരിക്കുന്നത്, അതു ദുർബലമാകുമ്പോഴൊക്കെ സമൂഹം ജീർണ്ണിക്കും.

അപ്രിയകാര്യങ്ങൾ പലപ്പോഴും അംഗീകരിക്കാൻ സമൂഹം നിർബന്ധിതമാകുന്നത് ഇതല്ലാതെ മറ്റൊരു മാർഗമില്ല എന്ന ന്യായത്തിലാണ്. വ്യാസനോട് ഭാസന്റെ ചോദ്യമിതാണ്– യുദ്ധമല്ലാതെ മറ്റ് മാർഗങ്ങൾ ഇല്ലായിരുന്നോ? തന്റെ രീതിയിൽ ഭാസൻ നൽകുന്ന മറുപടിയാണ് പഞ്ചരാത്രം.

വികാരവുമായി ബന്ധപ്പെട്ടാണ് നാടകത്തെപ്പറ്റിയുള്ള പഠനങ്ങൾ നിലനിൽക്കുന്നത്. കഥാർസിസ് പറയുന്ന വികാരവിമലീകരണവും രസവാദികളുടെ ആത്മവിശ്രാന്തിയുമൊക്കെ ഇത്തരത്തിൽപ്പെടുന്നു. ചിന്തയെ ഉണർത്തുകയാണ് നാടകത്തിന്റെ ലക്ഷ്യമെന്ന് എപ്പിക് തിയേറ്ററിനെ മുൻനിർത്തി നാം ചിന്തിക്കാൻ തുടങ്ങിയിട്ട് കാലമധികമായിട്ടില്ല. ഇത്തരത്തിലുള്ള വിലയിരുത്തലിന് വഴങ്ങുന്ന സംസ്കൃതനാടകങ്ങൾ വളരെ കുറച്ചേ ഉള്ളൂ. ഭാസന്റെ മഹാഭാരത നാടകങ്ങൾ അക്കൂട്ടത്തിൽ പെടുന്നു. അനേകം അടരുകളുണ്ടെന്നതാണ് ഭാസനാടകത്തെ ആധുനിക ലോകത്തിന് പ്രിയങ്കരമാക്കുന്നത്. ഒരങ്കത്തിലൂടെ സജീവമായൊരു പ്രശ്നം ഭാസൻ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. അനേകം അർത്ഥതലങ്ങൾ അതിനുണ്ടാകാം. ഓരോ കാലഘട്ടവും അവർക്കിണങ്ങുന്ന രീതിയിൽ അതിനെ വായിക്കുന്നു. ഓരോ സംവിധായകനും തന്റെ ഇച്ഛയ്ക്കൊത്ത് അതിനെ വ്യാഖ്യാനിക്കുന്നു. അതുകൊണ്ട് ഒരേ നാടകത്തിന്റെ തന്നെ അനവധി അരങ്ങേറ്റങ്ങൾ വ്യത്യസ്ത തലങ്ങളിൽ ഉണ്ടാകുന്നു.

V

കർഷകന് വിത്തുപോലെയാണ് സംവിധായകന് ഭാസനാടകങ്ങൾ. പുറമെ കാണുമ്പോൾ പ്രത്യേകിച്ചൊന്നുമില്ല; പക്ഷേ ഒരു വടവൃക്ഷമായി വളരാനുള്ള കരുത്ത് അതുള്ളിലൊരുക്കിയിരിക്കുന്നു. ഊരുഭംഗത്തിനും കർണ്ണഭാരത്തിനുമാണ് ഈ സിദ്ധി അധികമുള്ളത്. വ്യക്തികളല്ല, വ്യഥകളാണ് ഈ നാടകങ്ങളിലെ പാത്രങ്ങൾ. അവരുടെ ആകുലതകൾ അനന്തങ്ങളും എല്ലാവരേയും ബാധിക്കുന്നതുമാണ്.

സ്വപ്നവാസവദത്തമാണ് ഭാസന്റെ ഏറ്റവും നല്ല നാടകമെന്ന് പറയുന്നവർ ഭാസനെ ചെറുതാക്കുകയാണ്. സപത്നീമർദ്ദനമല്ല ഈ ലോകത്തെ വലിയ പ്രശ്നം. വാസവദത്തയെക്കാൾ വലിയ വ്യഥ അനുഭവിക്കുന്നുണ്ട് ദുശ്ശള. അതിലും വലുതാണ് ഉത്തരയുടെ തേങ്ങൽ. ദുശ്ശളയും ഉത്തരയും കർണ്ണനും ദുര്യോധനനും മധ്യമനുമുയർത്തുന്ന ആത്മസംഘർഷങ്ങൾ പകർത്താനാണ് ഭാസൻ തൂലികയെടുത്തത്. അവരുയർത്തുന്ന കൊടുങ്കാറ്റിനുമുമ്പിൽ ചെറുതെന്നൽ പോകുമാകുന്നില്ല വാസവദത്തയുടെ ചുടുനിശ്വാസങ്ങൾ.

'ജ്വലനമിത്രൻ' എന്ന് ഭാസനെ ഒരു കവി വിശേഷിപ്പിച്ചിട്ടുണ്ട്. ഭാസൻ അഗ്നിയാണ്; കാടും പടലും പലതുമത് ദഹിപ്പിച്ചിട്ടുണ്ട്; ഒട്ടേറെ ശുദ്ധീകരിച്ചിട്ടുമുണ്ട്; കനൽ കെടാതെ ഇന്നും അഗ്നിജ്വലിച്ചുകൊണ്ടിരിക്കുന്നു.

---

*വാചസ്പതി*

**ഡോ. കെ.ജി. പൗലോസ്**

*വൈസ് ചാൻസലർ*

**കേരള കലാമണ്ഡലം കല്പിത സർവകലാശാല**

വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531

ഫോൺ: 04884-263440 (ഓഫീസ്), 04884-264477 (വീട്), മൊ: 9846041205

E-mail: kgpaulose@gmail.com, Website: www.kalamandalam.org.

---